# പതിനഞ്ചാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം

2025 മാർച്ച് 3, തിങ്കൾ

**നമ്പർ 169**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാല് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത്:

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 2024 ജൂൺ 21- ാം തീയതിയിലെ നക്ഷത്രചിഹ്നമിട്ട 175- ാം നമ്പർ ചോദ്യത്തിന്റെ തിരുത്തൽ വരുത്തിയ മറുപടി മുഖ്യമന്ത്രി മേശപ്പുറത്തുവച്ചു.

ചരമോപചാരം:

മുൻ നിയമസഭാംഗം പി. രാജുവിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തിക്കൊണ്ട് സ്പീക്കർ റഫറൻസ് നടത്തി. അന്തരിച്ച മഹത് വ്യക്തിയോടുള്ള ആദര സൂചകമായി അംഗങ്ങൾ അൽപസമയം എഴുന്നേറ്റു നിന്ന് മൗനം ആചരിച്ചു.

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം (റൂൾ 50):

താമരശ്ശേരിയിൽ പത്താം ക്ലാസ് വിദ്യാർത്ഥികൾ തമ്മിലുള്ള സംഘർഷത്തിൽ ഷഹബാസ് എന്ന വിദ്യാർത്ഥി കൊല്ലപ്പെട്ടതടക്കം സ്കൂൾ വിദ്യാർത്ഥികളും യുവാക്കളും നടത്തുന്ന അക്രമങ്ങൾ വർദ്ധിച്ചു വരുന്നതായും ആയതുമൂലം ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. രമേശ് ചെന്നിത്തലയും മറ്റ് അഞ്ച് അംഗങ്ങളും നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഒരു ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. ഉപക്ഷേപം ചർച്ചയ്ക്കെടുക്കാവുന്നതാണെന്ന് മുഖ്യമന്ത്രി അറിയിച്ചതിനെത്തുടർന്ന് ഉപക്ഷേപം ഉച്ചയ്ക്ക് 12.00 മണിയ്ക്ക് പരിഗണിക്കുന്നതാണെന്നും ചർച്ച രണ്ടു മണിക്കൂർ ആയിരിക്കുമെന്നും സ്പീക്കർ അറിയിച്ചു.

<u>ശ്രദ്ധ ക്ഷണിക്കൽ</u> :

(1) സംസ്ഥാനത്ത് ആശാവർക്കർമാർ നടത്തിവരുന്ന പ്രവർത്തനങ്ങൾ ശാക്തീകരിക്കേണ്ടതിന്റെയും അവരുടെ ഓണറേറിയം, ഇൻസന്റീവ് എന്നിവയ്ക്കായുള്ള കേന്ദ്രവിഹിതം സമയബന്ധിതമായി ലഭ്യമാക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്ക് ശ്രീമതി ശാന്തകുമാരി കെ. ശ്രദ്ധ ക്ഷണിച്ചു. ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(2) സംസ്ഥാനത്തെ കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധിയും ഈ മേഖലയിലെ തൊഴിലാളികളുടെ വേതന വർദ്ധനവും സംബന്ധിച്ച വിഷയങ്ങളിലേയ്ക്ക് ശ്രീ. പി. സി. വിഷ്ണുനാഥ് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u>:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. വി. ഡി. സതീശൻ | NH 66-ൽ പറവൂർ മണ്ഡലത്തിൽ അടിപ്പാതയുടേയും നടപ്പാതയുടേയും നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 2. | ശ്രീ. കെ. ഡി. പ്രസേനൻ | ആലത്തൂർ ഫയർ സ്റ്റേഷൻ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് നടപടി | ബഹു. മുഖ്യമന്ത്രിക്ക് വേണ്ടി ബഹു. തുറമുഖ-സഹകരണ-ദേവസ്വം വകുപ്പ് മന്ത്രി |
| 3. | ശ്രീ. പി. സി. വിഷ്ണുനാഥ് | എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളുടെ പൂർത്തീകരണം | ബഹു. ധനകാര്യ വകുപ്പുമന്ത്രി |
| 4. | ശ്രീ. ടി. ജെ. വിനോദ് | ലത്തീൻ കത്തോലിക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് സ്പഷ്ടീകരണം | ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പു മന്ത്രി |
| 5. | ശ്രീ. എം. രാജഗോപാലൻ | ആചാരസ്ഥാനികൾക്കും കോലധാരികൾക്കും മലബാർ ദേവസ്വം ബോർഡിന്റെ ധനസഹായം | ബഹു. തുറമുഖ സഹകരണ-ദേവസ്വം വകുപ്പ് മന്ത്രി |
| 6. | ശ്രീ. സി. സി. മുകുന്ദൻ | നാട്ടികയിലെ പൊതുമരാമത്ത് റസ്റ്റ് ഹൗസ് നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 7. | ശ്രീ. എം. വിൻസെന്റ് | കരമന-കളിയിക്കാവിള റോഡ് പൂർത്തീകരണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8. | ശ്രീ. പി. പി. സുമോദ് | വടക്കഞ്ചേരി ശിവരാമ പാർക്ക് നവീകരണ പ്രവൃത്തികൾ | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9. | ശ്രീ. ടി. വി. ഇബ്രാഹിം | യൗവനകാലത്ത് പൊടുന്നനെ മരണപ്പെടുന്നവരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ടുകളുടെ സമർപ്പണം:

i) സബ്ജക്റ്റ് കമ്മിറ്റി I-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

ii) സബ്ജക്റ്റ് കമ്മിറ്റി II-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

iii) സബ്ജക്റ്റ് കമ്മിറ്റി III-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

iv) സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

v) സബ്ജക്റ്റ് കമ്മിറ്റി V-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

vi) സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

vii) സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

viii) സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

ix) സബ്ജക്റ്റ് കമ്മിറ്റി-IX ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

x) സബ്ജക്റ്റ് കമ്മിറ്റി X-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

xi) സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

xii) സബ്ജക്റ്റ് കമ്മിറ്റി XII-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

xiii) സബ്ജക്റ്റ് കമ്മിറ്റി XIII-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടും 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ സംബന്ധിച്ച റിപ്പോർട്ടും സഭയിൽ സമർപ്പിച്ചു.

xiv) സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ 2025-26 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

<u>ഡയറക്ഷൻ 1A പ്രകാരമുള്ള വിഷയം</u> :

2025 ഫെബ്രുവരി 10-ന് തദ്ദേശസ്വയംഭരണം, എക്സൈസ്, പാർലമെന്ററികാര്യ വകുപ്പുമന്ത്രി നടത്തിയ ഒരു പ്രസ്താവന സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് പറയപ്പെടുന്ന കാര്യം ചൂണ്ടിക്കാട്ടി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സഭയുടെ ശ്രദ്ധ ക്ഷണിച്ചു. തദ്ദേശസ്വയംഭരണം, എക്സൈസ്, പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് വിഷയത്തിന്മേൽ മറുപടി പ്രസ്താവന നടത്തി.

<u>നിയമനിർമ്മാണ കാര്യം</u> :

[കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട് ഭാഗികമായി ഭേദഗതി ചെയ്തുകൊണ്ട് 2025-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) (രണ്ടാം നമ്പർ) ബില്ലിന്റെ അവതരണം 2025 മാർച്ച് 20-ലേയ്ക്ക് മാറ്റിവയ്ക്കുന്നതായി സ്പീക്കർ അറിയിച്ചു.]

1) <u>2025-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ, 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ എന്നിവയുടെ അവതരണവും സബ്ജക്റ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും :</u>

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു 2025-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ, 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ എന്നിവ അവതരിപ്പിച്ചു.

2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബില്ലിന്റെ അവതരണം സംബന്ധിച്ച് ശ്രീ. മാത്യു ടി. തോമസ്, ശ്രീ. യു. എ. ലത്തീഫ്, ശ്രീ. എൻ. ഷംസുദ്ദീൻ, ശ്രീ. പി. സി. വിഷ്ണുനാഥ് എന്നിവർ ക്രമപ്രശ്നം ഉന്നയിച്ചു. ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി മറുപടി പറഞ്ഞു. ഉന്നയിക്കപ്പെട്ട ക്രമപ്രശ്നങ്ങൾ നിലനിൽക്കുന്നതല്ലെന്ന് സ്പീക്കർ റൂളിംഗ് നൽകി.

തുടർന്ന്, ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു ബില്ലുകൾ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു.

(നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുത്തു)

<u>നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച</u> :

“സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു" എന്ന ഉപക്ഷേപം ശ്രീ. രമേശ് ചെന്നിത്തല അവതരിപ്പിച്ചു സംസാരിച്ചു. താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു.

ശ്രീ. കെ. വി. സുമേഷ്

ശ്രീ. റോജി എം. ജോൺ

ശ്രീ. ഇ. കെ. വിജയൻ

ഡോ. എം. കെ. മുനീർ

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. മോൻസ് ജോസഫ്

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. തോമസ് കെ. തോമസ്

ഡോ. കെ. ടി. ജലീൽ

ശ്രീ. വി. ഡി. സതീശൻ, പ്രതിപക്ഷ നേതാവ്.

മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്ക് മറുപടി നൽകി.

ഉപക്ഷേപം സഭയുടെ അനുമതിയോടെ പിൻവലിച്ചു.

<u>നിയമനിർമ്മാണ കാര്യം (തുടർച്ച)</u> :

2) <u>2025-ലെ കേരള ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും:</u>

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2025-ലെ കേരള ധനവിനിയോഗ ബിൽ അവതരിപ്പിക്കുകയും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുകയും ചെയ്തു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. കെ. ബാബു (നെന്മാറ)

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. വാഴൂർ സോമൻ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മറുപടി പറഞ്ഞു. തുടർന്ന് ബിൽ വകുപ്പ് തിരിച്ച് പരിഗണിച്ചു. ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുകയും ബിൽ വോട്ടിനിട്ട് പാസ്സാക്കുകയും ചെയ്തു.

[2025-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ, 2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ എന്നിവ സംബന്ധിച്ച ചർച്ച പുനരാരംഭിച്ചു.]

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി ഡോ. ആർ. ബിന്ദു സംസാരിച്ചു.

2025-ലെ സർവ്വകലാശാലാ നിയമങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതി അവതരിപ്പിച്ച് ശ്രീ. ടി. സിദ്ദിഖും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന 2 ബി ഭേദഗതി അവതരിപ്പിച്ച് ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണനും സംസാരിച്ചു.

2025-ലെ കേരള സംസ്ഥാന സ്വകാര്യ സർവ്വകലാശാലകൾ (സ്ഥാപനവും നിയന്ത്രണവും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതി അവതരിപ്പിച്ച് ശ്രീ. എം. വിജിൻ-ഉം ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന 2 ബി ഭേദഗതി അവതരിപ്പിച്ച് ശ്രീ. മുഹമ്മദ് മുഹസിൻ-ഉം സംസാരിച്ചു. 1 എ ഭേദഗതിയെ പിന്തുണച്ച് ശ്രീ. മഞ്ഞളാംകുഴി അലിയും 2 ബി ഭേദഗതിയെ പിന്തുണച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും സംസാരിച്ചു.

മന്ത്രിയുടെ മറുപടിയ്ക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കുകയും തുടർന്ന് ബില്ലുകൾ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI- ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം പാസ്സാക്കുകയും ബിൽ സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയക്കുകയും ചെയ്തു.

2025 മാർച്ച് 4-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 6.45- ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Thirteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, March 3, 2025*

**No. 169**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Four Questions in the list of Questions posted for the day were answered orally.

*Correction of answer to Starred Questions:*

The corrected answer to starred question No. 175 dated 21-6-2024 of Eleventh session of Fifteenth Kerala Legislative Assembly was laid on the Table by Shri Pinarayi Vijayan, Chief Minister.

*Obituary :*

The Speaker made reference on the demise of P. Raju, former Member of the House. As a mark of respect to the deceased, the members stood in silence for a while.

*Adjournment Motion (Rule 50):*

Shri Ramesh Chennithala and five other Members had given notice of an adjournment motion on the concern reported to have arisen among the public about the alarming increase in violence among the students and the youth, including the murder of Shahabaz, a student in a clash. As the Chief Minister expressed willingness to discuss the motion, the Speaker granted permission to move the adjournment motion and announced that the motion would be taken up at 12.00 noon.

*Calling Attention* :

1. Smt. Santhakumari K. called the attention of the Minister for Health and Woman and Child Development to the necessity to empower the activities of ASHA workers in the State and timely disbursement of Central allocation for their honorarium and incentives. The Minister for Health and Woman and Child Development made a statement in this regard.

2. Shri P. C. Vishnunadh called the attention of the Minister for Law, Industries and Coir to the matters regarding the crisis faced by Cashew sector in the State and the wage hikes for labourers in the sector. The Minister for Law, Industries and Coir made a statement in this regard.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| നമ്പർ | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1. | ശ്രീ. വി. ഡി. സതീശൻ | NH 66-ൽ പറവൂർ മണ്ഡലത്തിൽ അടിപ്പാതയുടേയും നടപ്പാതയുടേയും നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 2. | ശ്രീ. കെ. ഡി. പ്രസേനൻ | ആലത്തൂർ ഫയർ സ്റ്റേഷൻ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിന് നടപടി | ബഹു. മുഖ്യമന്ത്രിക്ക് വേണ്ടി ബഹു. തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |
| 3. | ശ്രീ. പി. സി. വിഷ്ണുനാഥ് | എം.എൽ.എ. ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളുടെ പൂർത്തീകരണം | ബഹു. ധനകാര്യ വകുപ്പുമന്ത്രി |
| 4. | ശ്രീ. ടി. ജെ. വിനോദ് | ലത്തീൻ കത്തോലിക്ക വിഭാഗ ത്തിൽപ്പെട്ടവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് സ്പഷ്ടീകരണം | ബഹു. റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി |
| 5. | ശ്രീ. എം. രാജഗോപാലൻ | ആചാരസ്ഥാനികൾക്കും കോലധാരികൾക്കും മലബാർ ദേവസ്വം ബോർഡിന്റെ ധനസഹായം | ബഹു. തുറമുഖ സഹകരണ-ദേവസ്വം വകുപ്പുമന്ത്രി |

| (1) | (2) | (3) | (4) |
|---|---|---|---|
| 6. | ശ്രീ. സി. സി. മുകുന്ദൻ | നാട്ടികയിലെ പൊതുമരാമത്ത് റസ്റ്റ് ഹൗസ് നിർമ്മാണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 7. | ശ്രീ. എം. വിൻസെന്റ് | കരമന-കളിയിക്കാവിള റോഡ് പൂർത്തീകരണം | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 8. | ശ്രീ. പി. പി. സുമോദ് | വടക്കഞ്ചേരി ശിവരാമ പാർക്ക് നവീകരണ പ്രവൃത്തികൾ | ബഹു. പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 9. | ശ്രീ. ടി. വി. ഇബ്രാഹിം | യൗവനകാലത്ത് പൊടുന്നനെ മരണപ്പെടുന്നവരുടെ എണ്ണം വർദ്ധിക്കുന്ന സാഹചര്യം | ബഹു. ആരോഗ്യ, വനിത-ശിശുവികസന വകുപ്പുമന്ത്രി |

The ministers concerned made the statement regarding the respective issue.

*Presentation of Reports* **:**

i) The Fifth report of the Subject Committee-I on the scrutiny of Demands for Grants for the Financial Year 2025-26 was presented.

ii) The Fifth report of the Subject Committee-II on the scrutiny of Demands for Grants for the Financial Year 2025-26 was presented.

iii) The Fifth report of the Subject Committee-III on the scrutiny of Demands for Grants for the Financial Year 2025-26 was presented.

iv) The Fifth report of the Subject Committee-IV on the scrutiny of Demands for Grants for the Financial Year 2025-26 was presented.

v) The Fifth report of the Subject Committee-V on the scrutiny of Demands for Grants for the Financial Year 2025-26 was presented.

vi) The Fifth report of the Subject Committee-VI on the scrutiny of Demands for Grants for the Financial Year 2025-26 was presented.

vii) The Fifth report of the Subject Committee-VII on the scrutiny of Demands for Grants for the Financial Year 2025-26 was presented.

viii) The Fifth report of the Subject Committee-VIII on the scrutiny of Demands for Grants for the Financial Year 2025-26 was presented.

ix) The Fifth report of the Subject Committee-IX on the scrutiny of Demands for Grants for the Financial Year 2025-26 was presented.

x) The Fifth report of the Subject Committee-X on the scrutiny of Demands for Grants for the Financial Year 2025-26 was presented.

xi) The Fifth report of the Subject Committee-XI on the scrutiny of Demands for Grants for the Financial Year 2025-26 was presented.

xii) The Fifth report of the Subject Committee-XII on the scrutiny of Demands for Grants for the Financial Year 2025-26 was presented.

xiii) The Fifth report of the Subject Committee-XIII on the scrutiny of Demands for Grants for the Financial Year 2025-26 and Report of the Committee on The Kerala State Elderly Commission Bill, 2025 were presented.

xiv) The Fifth report of the Subject Committee-XIV on the scrutiny of Demands for Grants for the Financial Year 2025-26 was presented.

*Matter Under Direction 1A* **:**

Shri Thiruvanchoor Radhakrishnan invited the attention of the House that the statement made by the Minister for Local Self Governments, Excise and Parliamentary Affairs on 10th February, 2025 is reported to have mislead the House. Shri M. B. Rajesh, Minister for Local Self Governments, Excise and Parliamentary Affairs made a statement in reply to the points raised.

*Legislative Business* **:**

[Speaker informed the House that the introduction of The University Laws (Amendment) (No.2) Bill, 2025 is postponed to 20th March, 2025, partially amending the Sixteenth report of the Business Advisory Committee.]

1) Introduction and Motion for reference to Subject Comittee of The University Laws (Amendment) Bill, 2025 and The Kerala State Private Universities (Establishment and Regulation) Bill, 2025.

DR. R. Bindu, Minister for Higher Education and Social Justice introduced The University Laws (Amendment) Bill, 2025 and The Kerala State Private Universities (Establishment and Regulation) Bill, 2025.

Shri Mathew T. Thomas, Shri U. A. Latheef, Shri. N. Samsudheen and Shri P. C. Vishnunadh raised objections regarding the introduction of The Kerala State Private Universities (Establishment and Regulation) Bill, 2025. Minister for Higher Education and Social Justice replied to the points raised. Speaker ruled out the objections.

DR. R. Bindu, Minister for Higher Education and Social Justice moved that the Bill be referred to Subject Committee VI.

(The motion for adjournment of the Assembly was taken for consideration.)

*Discussion on Adjournment Motion:*

Shri Ramesh Chennithala moved the following motion and spoke:

"The House do now adjourn."

The following Members took part in the discussion:

Shri K. V. Sumesh

Shri Roji M. John

Shri E. K. Vijayan

Dr. M. K. Muneer

Shri Pramod Narayan

Shri Linto Joseph

Shri Mons Joseph

Smt. Santhakumari K.

Shri Anoop Jacob

Shri Thomas K. Thomas

Dr. K. T. Jaleel.

Shri V. D. Satheesan, Leader of opposition.

Chief Minister Shri Pinarayi Vijayan replied to the points raised during discussion.

The motion moved was withdrawn with the leave of the House.

*Legislative Business (Continuation) :*

2) Introduction and further stages of The Kerala Appropriation Bill, 2025 :

Shri K. N. Balagopal, Minister for Finance introduced The Kerala Appropriation Bill, 2025 and moved motion that the Bill be taken up for consideration.

The following Members took part in the discussion:

Shri K. Babu *(Nenmara)*

Shri Kurukkoli Moideen

Shri Vazhoor Soman

Dr. N. Jayaraj

Shri K. K. Ramachandran

Shri Thomas K. Thomas

Shri C. K. Hareendran

Shri Eldose P. Kunnappillil.

Shri K. N. Balagopal, Minister for Finance replied to the points raised during the discussion. The motion that the Bill be passed was put to vote and adopted by the House.

(Discussion on The University Laws (Amendment) Bill, 2025 and The Kerala State Private Universities (Establishment and Regulation) Bill, 2025 resumed.)

DR. R. Bindu, Minister for Higher Education and Social Justice spoke. Shri T. Siddique moved 1A amendment to circulate the The University Laws (Amendment) Bill, 2025 for eliciting public opinion. Shri K. N. Unnikrishnan moved 2B amendment for referring the bill to a Select Committee and spoke.

Shri M. Vijin moved 1A amendment to circulate the The Kerala State Private Universities (Establishment and Regulation) Bill, 2025 for eliciting public opinion. Shri Muhammed Muhassin moved 2B amendment for referring the bill to a Select Committee and spoke. The 1A amendment to circulate the The Kerala State Private Universities (Establishment and Regulation) Bill, 2025 for eliciting public opinion was supported by Shri Manjalamkuzhi Ali and Shri Thiruvanchoor Radhakrishnan Spoke backing the 2B amendment.

After the reply by the Minister for Higher Education and Social Justice, the amendments moved were withdrawn by the leave of the House. Then the Motion was adopted and the Bills were referred to Subject Committee VI.

The House adjourned at 6.45 p.m. to meet again at 9.00 a.m. on Tuesday, March 4, 2025.

DR. N. KRISHNA KUMAR,

*Secretary.*